# പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4487** — **22.07.2015-ൽ മറുപടിക്ക്**

## റാഗിംഗിന് വിധേയനായ അഹബ് ഇബ്രാഹിമിന്റെ മരണം

**ചോദ്യം** — **ശ്രീ. ബി.ഡി. ദേവസ്സി**

**മറുപടി** — **ശ്രീ. രമേശ് ചെന്നിത്തല** (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ബാംഗ്ലൂർ ആചാര്യപോളിടെക്നിക്ക് കോളേജിൽ റാഗിംഗിന് വിധേയനായി ചികിത്സയിലിരിക്കെ 10.03.2014 ൽ മരണമടഞ്ഞ ചാലക്കുടി പൂപ്പറമ്പിൽ വീട്ടിൽ സയ്യിദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിമിന്റെ മരണത്തിനുത്തരവാദികളായവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കണമെന്നാവശ്യപ്പെട്ട് അഹബിന്റെ രക്ഷിതാക്കൾ സമർപ്പിച്ച പരാതിയിൽ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) പ്രസ്തുത പരാതിയിന്മേൽ എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 363/2014 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് അന്വേഷണത്തിൽ, മരണപ്പെട്ട അഹബ് പഠിച്ചിരുന്ന ബാംഗ്ലൂരിലെ ആചാര്യ കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോളേജിലെ താമസ സ്ഥലത്ത് 27.01.2014-ാം തീയതി വീണ് പരിക്ക് പറ്റി ചികിത്സയിലായിരുന്നു എന്നും തുടർ ചികിത്സയ്ക്കായി എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ കൊണ്ട് വന്നിരുന്നതും ടി ആശുപത്രിയിൽ വച്ച് 10.03.2014ൽ മരണപ്പെട്ടിട്ടുള്ളതായും വെളിവായിട്ടുണ്ട്. തുടർന്ന് ടിയാന് പരിക്കേറ്റ സ്ഥലം ബാംഗ്ലൂരിൽ പീന്യ പോലീസ് സ്റ്റേഷൻ അതിർത്തിയിലായതിനാൽ തുടർ അന്വേഷണത്തിനായി കേസ് ഫയൽ കർണ്ണാടക സംസ്ഥാന പോലീസ് മേധാവിയ്ക്ക് 13.05.2014ൽ കൈമാറിയിട്ടുണ്ട്. |
| (ബി) എറണാകുളം സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 363/14 ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; അന്വേഷണം ഊർജ്ജിതമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ